# സർവ്വാധികാരിയായവൻ

## മത്തായി 28:18

"യേശു അടുത്തുചെന്നു: സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും എനിക്കു നൽകപ്പെട്ടിരിക്കുന്നു."

ഓരോ വ്യക്തി ജീവിതത്തിനും അവരവരുടെതായ ചില അധികാരങ്ങൾ ഉണ്ടല്ലോ. കുടുംബത്തിന്റെ അധികാരം കുടുംബനാഥനുള്ളതു പോലെ, ജോലി സ്ഥലത്തെ അധികാരം ഉടമസ്ഥനുള്ളതുപോലെ, ഓരോ അധികാരവും ദൈവത്തിൽ നിന്നുമുള്ളതാകുന്നുവെന്ന് വചനം വ്യക്തമായി നമ്മെ പഠിപ്പിക്കുന്നുവല്ലോ. നാം ഇന്നായിരിക്കുന്ന ഓരോ ജീവിത മേഖലകളിലെയും ശ്രേഷ്ഠാധികാരങ്ങൾക്ക് നാം ഓരോരുത്തരും കീഴടങ്ങിയിരിക്കുന്നുവല്ലോ.

ഈ അധികാരങ്ങളുടെ ഒക്കെയും മേലെയാണ് നമ്മുടെ കർത്താവിന്റെ അധികാരം. സ്വർഗ്ഗത്തിലെയും ഭൂമിയിലെയും സകല അധികാരവും യേശുവിന് നൽകപ്പെട്ടു കഴിഞ്ഞിരിക്കുകയാണ്. ആയതിനാൽ ഒരു ദൈവപൈതലിന്റെ ജീവിതത്തിലെ സകല അവസ്ഥകളുടെയും പിന്നിൽ ദൈവത്തിന്റെ കരങ്ങളുണ്ട് എന്ന് നമുക്ക് ഉറച്ചു വിശ്വസിക്കാം. ദൈവം അറിയാതെ ഒന്നും അവന്റെ ജീവിതത്തിൽ സംഭവിക്കുന്നില്ല. നമ്മുടെ അധികാരങ്ങൾക്കുവേണ്ടി നാം പ്രാർത്ഥിക്കണമെന്നും വചനം നമ്മെ പഠിപ്പിക്കുന്നുവല്ലോ.

പ്രിയ ദൈവപൈതലേ ഇന്ന് നീ ആയിരിക്കുന്നത് ഏതെങ്കിലും അടിമത്തത്തിലായിരിക്കുന്നുവോ? എന്നാൽ ഏതവസ്ഥയിൽ നിന്നും പുറത്തു കൊണ്ടുവരുവാൻ കഴിയുന്നവനാണ് നമ്മുടെ ദൈവം. അവിടുത്തേക്ക് അസാധ്യമായി ഒന്നും തന്നെയില്ല. ഫറവോന്റെ അടിമകളായിരുന്ന യിസ്രായേൽ മക്കളെ നമ്മുടെ ദൈവം വിടുവിച്ച് സ്വതന്ത്രരാക്കിയ വിധം നാം പുറപ്പാടു പുസ്തകത്തിൽ വായിക്കുന്നുവല്ലോ

ക്രിസ്തുയേശുവിൽ കൂടി നിത്യരക്ഷ പ്രാപിച്ച ഓരോ വ്യക്തിക്കും കർത്താവ് തന്റെ അധികാരം നൽകിയിട്ടുണ്ട്. ആ അധികാരം നാം ദൈവവചനം ആകുന്ന വാൾകൊണ്ട് പിശാചിന്റെ തന്ത്രങ്ങളെ വെട്ടിവീഴ്ത്തണം എന്നുള്ളതാണ്. ദൈവത്തിന്റെ സർവ്വായുധവർഗ്ഗം ധരിച്ചുകൊണ്ട് നാം ദുഷ്ടാത്മസേനകളോട് പോരാടണം എന്ന് വചനം നമ്മെ പഠിപ്പിക്കുന്നു.

"പാമ്പിനെയും തേളിനെയും ശത്രുവിന്റെ സകലബലത്തെയും ചവിട്ടുവാൻ ദൈവം നമുക്ക് അധികാരം നല്കിയിരിക്കുന്നുവെന്നും ഒന്നും നിങ്ങൾക്ക് ഒരിക്കലും ദോഷം

വരുത്തുകയില്ല" എന്നും ലൂക്കൊസ് 10:19 വ്യക്തമായി പറയുന്നുണ്ട്. വാഴ്ചകളെയും അധികാരങ്ങളെയും ആയുധവർഗ്ഗം വെയ്പിച്ച് ക്രൂശിൽ അവരുടെ മേൽ ജയോത്സവം കൊണ്ടാടിയവനാണ് നമ്മുടെ കർത്താവായ യേശുക്രിസ്തു.

ആകയാൽ കർത്താവ് നമുക്ക് നല്കിയിരിക്കുന്ന അധികാരം നമുക്ക് ഏറ്റെടുത്തുകൊണ്ട് പ്രാർത്ഥിക്കാം. സർവ്വാധികാരിയായ കർത്താവ്, നമ്മുടെ ജീവിതത്തിന്റെ എല്ലാ മേഖലകളിലെയും അധികാരം നടത്തുവാൻ നമ്മെത്തന്നെ പൂർണ്ണമായി ഏല്പിച്ചു കൊടുക്കാം. ദൈവം നമ്മെ ഏവരെയും അനുഗ്രഹിക്കുമാറാകട്ടെ.

പരാമർശം :
1 തിമൊഥെയൊസ് 2 : 1 –2
'എന്നാൽ സകല മനുഷ്യർക്കും നാം സർവ്വഭക്തിയോടും ഘനത്തോടും കൂടെ സാവധാനതയും സ്വസ്ഥതയുമുള്ള ജീവിതം കഴിക്കേണ്ടതിനു വിശേഷാൽ രാജാക്കന്മാർക്കും അധികാരസ്ഥന്മാർക്കും വേണ്ടി യാചനയും പ്രാർത്ഥനയും പക്ഷവാദവും സ്തോത്രവും ചെയ്യേണം എന്ന് ഞാൻ സകലത്തിനും മുമ്പെ പ്രബോധിപ്പിക്കുന്നു.'

സിസ്റ്റർ അശ്വതി ബിനു ഏറ്റുമാനൂർ 024